
വി. യൌസേപ്പിന്റെ

ശെമശോൻസ്തോക്കച്ചൻ


ടി. ഒ. സി. ഡി.

(ആലപ്പാട്ട്)



PRINTED & PUBLISHED
BY
Paul D. Alapatt, M. A. (Hons.) L. T.
KARANCHIRA.

ORKS
00
ALORE
29
M COLLEGE




വി. യൌസേപ്പിന്റെ

ശെമഓൻസ്തോക്കച്ചൻ

ടി. ഒ. സി. ഡി.

(കരോട്ട് ആലപ്പാട്ട്)



"കർത്താവേ, നിത്യാശ്വാസം ഇയാൾക്കു കൊടുക്കണമെ. നിത്യപ്രകാശം ഇയാളുടെമേൽ പ്രകാശിക്കട്ടെ."

PAUL D. ALAPATT,
M. A. (Hons) L. T.

DHARMARAM COLLEGE LIBRARY
Ac. No 80838
Call No K100/C625

അനുവാചകരോട്ട് ഒരു വാക്ക്—

വിശുദ്ധാത്മാക്കളും ആദർശപുരുഷന്മാരും മോക്ഷത്തിലേയ്ക്കുള്ള പ്രയാണത്തിൽ മനുഷ്യരാശിക്ക് ദീപസ്തംഭങ്ങളാണ്, മാർഗ്ഗദർശികളാണ്. ആകയാൽ ഇങ്ങനെയുള്ള ശ്രേഷ്ഠാത്മാക്കളുമായി സംസർഗ്ഗം ചെയ്യുന്നതും, അവരുടെ ജീവിതചര്യയെക്കുറിച്ചു പഠിച്ചറിയുന്നതും നമ്മുടെ പരമലക്ഷ്യപ്രാപ്തിക്ക് സുതരാം പ്രയോജനകരമായിരിക്കും. ഈ കാരണത്താൽ എന്റെ വല്ല്യുപ്പന്റെ മകനും, കേരളകൈമൾതിത്താസയേിൽ ഒരു മണിദീപംപോലെ ശോഭിച്ചവനുമായ ബഃ ശൈമുമാൻ സ്തോക്കച്ചന്റെ ഒരു ജീവിത ചരിത്രം പ്രസിദ്ധീകരിക്കുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നി. ഇന്നു അതു ചുരുങ്ങിയ തോതിലെങ്കിലും സാദ്ധ്യമായതിൽ ഞാൻ അതീവ കൃതാർത്ഥനാണ്. ഈ പ്രസിദ്ധീകരണത്തിൽ എനിക്ക് എല്ലാവിധ ഒത്താശകളും ചെയ്തുതന്ന കൈമൾതിത്താ വൈദികരോട് എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. അനുവാചകർക്കെല്ലാം എന്റെ വിനീത മുപ്പൈ.

Paul D. Alapatt M. A. (Hons.) L. T.

വി. യൌസേപ്പിന്റെ
ശെമഓൻസ്തോക്കച്ചൻ
ടി. ഒ. സി. ഡി.
(കരോട്ട് ആലപ്പാട്ട്.)
1863 - 1933.

1933–ാം മാണ്ട് വ്യാകുലമാതാവിനു് പ്രത്യേകം പ്രതിഷ്ഠിതമായ സെപ്റ്റംബർ മാസം 5–ാം തീയതി ചൊവ്വാഴ്ചയാണു് വ്യാകുല നാഥയുടെ നിസ്സല ഭക്തനായിരുന്ന വി: യൌസേപ്പിന്റെ ശെമഓൻ സ്തോക്കച്ചൻ കഞ്ഞാവിൽ സമാധാനനിദ്ര പ്രാപിച്ചതു്. സമാധാനപരമായ മരണം! ഇതാണല്ലൊ വ്യാകുലനാഥതന്റെ ഭക്തന്മാക്കു വാശ്വാനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങളിൽ അതിപ്രധാനമായതു്. നമുക്കറിയാം കൂട്ടുതുറന്നു കിട്ടിയാൽ പക്ഷി യാതൊരു ഹേമവും കൂടാതെ സോല്ലാസം ചിറകടിച്ചു് പറന്നുപോകുമെന്നു്. ശെമഓൻ സ്തോക്കച്ചന്റെ അവസാനവും ഏതാണ്ടിങ്ങനെത്തന്നെയായിരുന്നു. സ്നേഹനാഥൻ ശെമഓൻ സ്തോക്കച്ചന്റെ ആത്മാവിനെ ശരീരകാരാഗൃഹത്തിൽനിന്നു മോചിക്കുവാൻ ഉദ്ദേശിച്ച സമയം സമാഗതമായി. ആദ്ധ്യാത്മിക സമരത്തിന്റേയോ, മാനസിക സംഭ്രമത്തിന്റേയോ, ശരീരിക പീഡകളുടേയോ നിഴൽ പോലും പ്രത്യക്ഷപ്പെട്ടില്ല. ഉച്ചയൂണു പതിവുപോലെ കുറെ കഞ്ഞി കുടിച്ചു. അല്പം വിഷമം തോന്നി. വിശ്രമാർത്ഥം കസേരയിൽ ഇരുന്നു. ആ നാളുകളിൽ അദ്ദേഹം സുഖമില്ലാതിരിക്കയായിരുന്നു. ആ ഇരുപ്പിൽ തന്നെ തന്റെ ആത്മാവു മാംസപഞ്ജരത്തിൽനിന്നു മുക്തി പ്രാപിച്ചു പരലോകം ചേരുകയാണുണ്ടായതു്.

ഈദൃശ ചരമം അദ്ദേഹത്തിന്റെ പ്രകൃതിക്കും, ജീവിത രീതിക്കും, വളരെ അനുയോജ്യമായ ഒന്നായിരുന്നുവെന്നു ജീവചരിത്രം സ്പഷ്ടമാക്കുന്നതാണു്.

കേരളകത്തോലിക്കാസുറിയാനി സമുദായത്തിൽ ആളിലും അർത്ഥത്തിലും, സാമൂഹ്യവും ആദ്ധ്യാത്മികവുമായ സേവനത്തിലും ചിരകാലമായി മുന്നണിയിൽ നിന്നുപോരുന്ന ഒരു തറവാടാണു് ആലപ്പാട്ട കുടുംബം. പൂർവ്വകാലത്തു് ഈ കുടുംബം ആമ്പക്കാട്ടു്, അയ്യന്തോൾ എന്നീ സ്ഥലങ്ങളിലാണു് സ്ഥിതിചെയ്തിരുന്നതു്. എടവക ഏനമ്മാവു് പള്ളിയുമായിരുന്നു. ഈ കുടുംബത്തിൽപ്പെട്ട കാക്കപ്പൻ എന്നൊരാൾക്കു് രണ്ടു കുടിമക്കളുണ്ടായിരുന്നു. രണ്ടാം കുടിമകനു് കാക്കപ്പൻ എന്നുതന്നെയായിരുന്നു പേർ. കെ. പി. പത്മനാഭൻപിള്ള ബി. എ., ബി. എൽ. രചിച്ചിട്ടുള്ള കൊച്ചിരാജ്യചരിത്രം രണ്ടാം പുസ്തകത്തിൽ "ക്രിസ്താബ്ദം 1789 നവംബർ മാസത്തിൽ ടിപ്പുസുൽത്താൻ കൊച്ചിരാജ്യത്തു കടന്നു. ടി. ഡിസംബർ മാസം 14–ാംനു- ടിപ്പുസുൽത്താൻ തൃശ്ശിവപേരൂരെത്തി." എന്നു പ്രസ്താപിച്ചിട്ടുണ്ടു്. പ്രസ്തുത യുദ്ധകാലത്തു് കാക്കപ്പൻ തന്റെ ഇളംകുടിമകൻ കാക്കപ്പനോടുകൂടി തെക്കോട്ടു് തിരുവിതാംകൂറിലേയ്ക്കു് ഓടിപ്പോയി; തിരുവനന്തപുരത്തു് താമസമാക്കി എന്നാണു് കേൾവി— അവിടെ താമസിച്ചിരിക്കയിൽ അപ്പൻ ചരമഗതി അടഞ്ഞു. അപ്പന്റെ മരണശേഷം മകൻ കാക്കപ്പൻ വടക്കൻ പ്രദേശങ്ങളിലേയ്ക്കുതന്നെ മടങ്ങി. കാട്ടരു് എത്തിയപ്പോഴും അവിടത്തെ ഒരു പൌരപ്രധാനിയായ പാലത്തിങ്കൽ ലോനപ്പൻ എന്നയാളെ കാണുവാൻ ഇടയായി. കാക്കപ്പനുമായി സംസാരിച്ചതിൽ അദ്ദേഹം ആലപ്പാട്ട കുടുംബത്തിൽ പെട്ടവനാണെന്നു മനസ്സിലാക്കി. അയാളം അദ്ദേഹത്തിനു വേണ്ടതായ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. അദ്ദേഹത്തിൽ ഒരു പ്രത്യേക പ്രീതി തോന്നുകയാൽ അദ്ദേഹത്തി

ന തന്റെ മകളെത്തന്നെ കല്യാണം കഴിപ്പിച്ചുകൊടുത്തു. സ്ത്രീധനമായി കുറെ നിലവും, കാട്ടൂർ തേക്കും മൂല എന്നു് ഇപ്പോഴും വിളിച്ചുപോരുന്ന പറമ്പിൽ ഒരു പുരയും പണി കഴിപ്പിച്ചുകൊടുത്തു. കാക്കപ്പൻ വളരെ ഉത്സാഹിയായിരുന്നു. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ, അയാൾ ഏറെത്താമസിയാതെതന്നെ ഒരു ധനികനായിത്തീർന്നു.

കാക്കപ്പനു് ഔസേപ്പു, അന്തോണി, പറഞ്ഞുണ്ണി എന്ന മൂന്നു മക്കളുണ്ടായിരുന്നു. ഇവർക്കു പ്രായപൂർത്തിവന്നപ്പോൾ ഔസേപ്പിനെ കാട്ടൂർ വടക്കുംമുറിയിലും, അന്തോണിയെ തേക്കുംമൂലയിലെ തറവാട്ടിലും, പറഞ്ഞുണ്ണിയെ കരാഞ്ചിറയിലും, താമസിപ്പിച്ചു. എങ്കിലും അമ്മാവു പള്ളിയിൽനിന്നു പിരിഞ്ഞു്, എടത്തുരുത്തി പള്ളിയിൽ ഇടവക ചേരുകയും ചെയ്തു. കാക്കപ്പൻ തന്റെ അപ്പന്റെ ആദ്യത്തെ കല്യാണത്തിലുണ്ടായിരുന്ന രണ്ടു ജേഷ്ഠന്മാരെ ആമ്പക്കാട്ടനിന്നു് വരുത്തി കരാഞ്ചിറ മനയം എന്ന സ്ഥലത്തു താമസിപ്പിച്ചു. ഇവരാണു് മനയത്തു് ആലപ്പാട്ടുകാർ എന്നു വിളിച്ചുവരുന്ന ആലപ്പാട്ടു കുടുംബത്തിന്റെ വേറെ ഒരു ശാഖ. കമ്മെലീത്താ സഭയിലുണ്ടായിരുന്ന ബഃ അൽബത്തോസു് വൈദികൻ ഈ ശാഖയിൽപെട്ട ഒരംഗമായിരുന്നു. തൃശ്ശൂർ താമസിച്ചുവരുന്ന ഡോക്ടർ എ. പി. കുരിയപ്പനും, ഡോക്ടർ എ. പി. ഫ്രാൻസീസും, ഈ ശോസഭയിൽ ചേർന്ന ഒരു വൈദികനായ ആലപ്പാട്ടു ഔസേപ്പച്ചനും, ഈ ശാഖയിൽ പെട്ടവരാണു് ഇവരുടെ ശാഖയിൽ പെട്ടവർ ഇപ്പോഴും കരാഞ്ചിറ താമസമുണ്ടു്.

കരാഞ്ചിറ താമസമാക്കിയിരുന്ന പറഞ്ഞുണ്ണിക്കു മക്കളുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കാലശേഷം വസ്തുക്കൾ സഹോദരന്മാരായ ഔസേപ്പും, അന്തോണിയും ഭാഗിച്ചെടുത്തു. ഔസേപ്പിനു കിട്ടിയ സ്ഥലമാണു് കരാഞ്ചിറയുള്ള തോപ്പുപറമ്പു്. ഇതിൽ തന്റെ

മകൻ കാക്കപ്പനെ താമസിപ്പിച്ചു. ഇവിടെ താമസിച്ചുവരുന്നവരെ ആലപ്പാട്ട് തോപ്പിൽ വീട്ടുകാർ എന്നാണ് വിളിച്ചുവരുന്നതു്.

കാക്കപ്പനു് ഔസേപ്പു്, അന്തോണി, ഇട്ടൂപ്പു്, കൊച്ചുവറിയു്, പറഞ്ഞു എന്നീ അഞ്ചു ആൺമക്കളുണ്ടായിരുന്നു. ഇവരിൽ പറഞ്ഞു വൈദികനായി. ഇട്ടേഹം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തായുടെ സിക്രട്ടറിയും, പിന്നീടു് തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായ എ: പെ: പെ: ബ: യോഹന്നാൻ മെത്രാനച്ചന്റെ വികാരിജനറാളുമായിരുന്നു.

അന്തോണിയുടെ രണ്ടാമത്തെ മകനായ പൌലോസു് റോമയിൽ പോയി Ph. D & B. D. പരീക്ഷകളും പാസ്സായി വൈദിക പട്ടം സ്വീകരിച്ചു. ഇട്ടേഹം തൃശ്ശൂർ മെത്രാനച്ചന്റെ സിക്രട്ടറിയായി വളരെക്കാലം ജോലി ചെയ്തിട്ടുണ്ടു്. അദ്ദേഹമാണു് സെൻറ് തോമസ് കോളേജ് എന്നു വിളിച്ചുപോന്നിരുന്ന ഹൈസ്കൂൾകെട്ടിടം പണിയിച്ചതു്.

കാക്കപ്പൻ തോപ്പുപറമ്പിന്റെ തെക്കേ ഭാഗം ഒരു പള്ളി പണിയുന്നതിനു ദാനമായിക്കൊടുത്തു. പെ: ബ: പൊറിഞ്ചുഅച്ചന്റെ പ്രത്യേക താല്പര്യത്താൽ അവിടെ ആദ്യം 1873-ാം വർഷത്തിൽ ഒരു കുരിശുപള്ളി പണിയിക്കയുണ്ടായി. പിന്നീടു് ഇടവകക്കാരുടെ ഉത്സാഹത്താൽ ഈ കുരിശുപള്ളി പൊളിച്ചു് ഇപ്പോഴത്തെ വലിയ പള്ളി പണി തീർത്തു. ഈ പുതിയ പള്ളിയുടെ വെഞ്ചരിപ്പു് 1905 മേയ് ഒന്നാം തീയതി ആയിരുന്നു. എല്ലാകൊല്ലവും മേയ് ഒന്നാം തീയതി ഈ പള്ളിയിൽ കൂടിവെച്ചിരിക്കുന്ന ഫ്രാൻസീസ് സേവ്യറിന്റെ പെരുന്നാൾ ഇപ്പോഴും ആഘോഷിച്ചു വരുന്നുണ്ടു്.

അന്നുമുതൽ ഇതൊരു ഇടവകപള്ളി ആയെങ്കിലും ടി. പള്ളിക്കു് ശ്മശാനസ്ഥലം 1914-ൽ മാത്രമെ ഉണ്ടായൊള്ളു. അതുവരെ കരഞ്ഞിറയുള്ള ആലപ്പാട്ട

കുടുംബത്തിന്റെ ശവസംസ്കാരം എടത്തുരുത്തി പള്ളിയിൽതന്നെയാണു് നടത്തിയിരുന്നതു്. കരാഞ്ചിറയിൽ ശ്മശാനസ്ഥലം ഉണ്ടായപ്പോഴും കരാഞ്ചിറ താമസിക്കുന്നവർ എടത്തുരുത്തിയിൽനിന്നു ശവസംസ്കാരകർമ്മം മാറ്റി കരാഞ്ചിറയിലാക്കി. കാട്ടൂർ താമസിക്കുന്ന ആലപ്പാട്ട കുടുംബക്കാരുടെ ശവസംസ്കാരകർമ്മം ഇപ്പോഴും എടത്തുരുത്തി പള്ളിയിൽതന്നെയാണു് നടത്തി വരുന്നതു്.

പറഞ്ഞുണ്ണിയുടെ വസ്തു ഭാഗിച്ചതിൽ അന്തോണിയ്ക്കു കിട്ടിയ പറമ്പു് ഒരുക്കമുള്ള കൽപ്രദേശമായിരുന്നു. ഈ പറമ്പിനെ കരോട്ട പറമ്പു് എന്നു വിളിച്ചുവന്നിരുന്നു. ഇവിടെ മകൻ ലോനയെ താമസിപ്പിച്ചു. ഇവിടെ താമസമാക്കിയ ലോനയേയും മക്കളേയും ആലപ്പാട്ട കരോട്ടുകാർ എന്നു വിളിച്ചുപോരുന്നു.

ഇങ്ങനെ കാക്കപ്പന്റെ മക്കൾ കാട്ടൂർ തെക്കും മുറിയിലും, വടക്കും മുറിയിലും; കരാഞ്ചിറയുള്ള മക്കൾ കരോട്ടും, തോപ്പിലും എന്ന നാലു സ്ഥലങ്ങളിലായി ശാഖോപശാഖകളായി വികസിച്ചു. സഭയ്ക്കും സമുദായത്തിനും മോഹനകുസുമങ്ങൾപോലെയുള്ള അനേക വൈദികരേയും കന്യാസ്ത്രീകളേയും പ്രദാനം ചെയ്തിട്ടുള്ളതാണു് ഈ കുടുംബവല്ലി. കരോട്ട താമസിച്ചിരുന്ന ലോനക്കു് പൊറിഞ്ചു, ഔസേപ്പു്, അന്തോണി, ദേവസ്സി എന്ന നാലു് ആൺമക്കളുണ്ടായിരുന്നു. ടി. പൊറിഞ്ചുവിന്റെ നാലു് ആൺമക്കളിൽ രണ്ടാമനായിരുന്ന ഔസേപ്പു ഒരു കമ്മേലീത്താ വൈദികനാകയും ഫ്ര. യൌസേപ്പിന്റെ ശെമശാൻസ്തോക്കു് എന്ന നാമധേയം സ്വീകരിക്കുകയും ചെയ്തു. ഈ ദ്വേഹമാണു് നമ്മുടെ കഥാനായകൻ.

സുകൃത സമ്പന്നരായ ഫ്രഞ്ചു, ചെച്ചി (ത്രേസ്യാ) എന്നീ ദമ്പതിമാരുടെ അരുമസന്താനമായി 1863 ആഗസ്റ്റു് 12-ാം തീയതി കഥാനായകൻ ജ്യോതനായി.

ജ്ഞാനസ്നാനത്തിൽ ഔസേപ്പ് എന്ന പേരാണ് ശിശുവിനു നൽകപ്പെട്ടതു്. വിശുദ്ധന്മാരെല്ലാം ദൈവദാസരാണെങ്കിൽ വി: യൗസേപ്പു ദൈവകുമാരന്റെ വളർത്തുപിതാവാണു്. ഇതു് തീച്ചയായും ദാസയജമാനബന്ധമല്ലല്ലൊ. ആകയാൽ ആവിലായിലെ വി: തേരേസ്യാ പഠിപ്പിക്കുന്നതുപോലെ ഏതൊരു അനുഗ്രഹവും ദൈവത്തിൽനിന്നു വാങ്ങിത്തരുവാൻ വി: യൗസേപ്പ് പ്രാപ്തനായതിൽ എന്താണു് ആശ്ചര്യത്തിനവകാശം!— കഥാനായകൻ വളരെ ചെറുപ്പത്തിൽതന്നെ സ്വർഗ്ഗസ്ഥനായ ഈ മദ്ധ്യസ്ഥന്റെ നേരെ പ്രത്യേക ഭക്തിയോടെയാണു വളർന്നുവന്നതു്. തനിക്കു ലഭിച്ച ദൈവാനുഗ്രഹങ്ങൾക്കെല്ലാം തന്റെ ഈ സ്വർഗ്ഗീയ മദ്ധ്യസ്ഥനാണു് കാരണഭൂതൻ എന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. മാത്രമല്ല അങ്ങനെ പലപ്പോഴും ഏറ്റവും പറയുകയും ചെയ്തിരുന്നു. പ്രസ്തുത ദാനങ്ങളിൽ സർവ്വപ്രധാനമായി പരിഗണിക്കാം വൈദികവൃത്തിക്കും സന്യാസ ജീവിതത്തിനുമുള്ള ആഹ്വാനത്തെ.

സ്വകുടുംബത്തിൽ ഗീവർഗ്ഗീസ് എന്ന പേരോടുകൂടിയ ഒരു വൈദികൻ അക്കാലത്തു ജീവിച്ചിരുന്നു. അദ്ദേഹത്തെ അനുകരിച്ചു വൈദികവൃത്തിയിൽ ദൈവശുശ്രൂഷചെയ്യാൻ തീച്ചയാക്കി. ഈ ഉദ്ദേശത്തോടുകൂടെ 15 വയസ്സായിരിക്കയിൽ അന്നു ഏൽത്തുരുത്തു് ആശ്രമത്തോടു അനുബന്ധമായി നടത്തി വന്നിരുന്ന സെമിനാരിയിൽ ചേർന്നു. അവിടെവെച്ചാണു് സന്യസ്തജീവിതത്തിൽ പ്രവേശിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിൽ മൊട്ടിട്ടു വളരുവാൻ തുടങ്ങിയതു്. ക്രമത്തിൽ ഈ ആശ ഒന്നിനൊന്നു പ്രബലപ്പെട്ടു് 1883 ഡിസംബർ ഒന്നാം തീയതി ഇരുപതാമത്തെ വയസ്സിൽ കുനമ്മാവു് വി: ഫിലോമിനായുടെ ആശ്രമത്തിൽ ഒരു നവസന്യാസിയായി ചേർന്നു. അന്നു ഈ ആശ്രമമായിരുന്നു സഭയുടെ നവസന്യാസഗൃഹവും പഠനഗൃഹവും. സഭയിൽ ശെമശാൻസ്ഥാക്കു് എന്ന

നാമം നൽകപ്പെട്ട. വി. യൗസേപ്പു പിതാവിനോട് ണ്ടായിരുന്ന പ്രത്യേക ഭക്തിയാണു് രണ്ടാം പേരായി യൗസേപ്പു് എന്ന നാമം സ്വീകരിച്ചു് ഈ പിതാവിന്റെ സംരക്ഷണയിൽ തന്നെ വെയ്ക്കുവാൻ ഈ നവസന്യാസിയെ പ്രേരിപ്പിച്ചതു്.

നവസന്യാസകാലം കഴിഞ്ഞു 1887 ജനുവരി 6-ാം തീയതി വി: യൗസേപ്പിന്റെ ശെമശോൻസ്താക്കു് അനിത്യവ്രതാനുഷ്ഠാനം നടത്തി. തദനന്തരമാണു് സുറിയാനി ലത്തീൻ ക്രമപിതാവിഭജനമുണ്ടായതു്. തൽഫലമായി സുറിയാനിക്കാർക്കു ക്ലനമ്മാവു് ആശ്രമം നഷ്ടീവിച്ചു. സുറിയാനി കത്തോലിക്കാ സഭയുടെ നവസന്യാസ ഭവനമായിഅമ്പഴക്കാട്ടു വി: ത്രേസ്യായുടെ ആശ്രമത്തെ ഉയർത്തി. ഇങ്ങനെ നമ്മുടെ കഥാപുരുഷൻ 1889 മാച്ചു് മാസം 9-ാം തീയതി അമ്പഴക്കാട്ടു ചെന്നുചേർന്നു. അവിടെവെച്ചാണു് അദ്ദേഹം 1890 ജൂലൈ 16-ാം തീയതി നിത്യവ്രതം അനുഷ്ഠിച്ചതു്. അടുത്ത വർഷംതന്നെ മാച്ചു് 14-ാം തീയതി പൗരോഹിത്യ പദത്തിലേക്കു് ഉയർത്തപ്പെട്ടു. തുടർന്നുള്ള നാല്പതിൽ പരം സംവത്സരങ്ങളും സഭയ്ക്കും സമുദായത്തിനുംവേണ്ടിയുള്ള നിരന്തരസേവനങ്ങളിൽ ബഃ: ശെമശോൻ സ്തോക്കച്ചൻ വ്യാപൃതനായിരിക്കുന്നതു കാണാം.

പല പ്രാവശ്യമായി നാലഞ്ചുകൊല്ലം ഏൽത്തുരുത്തു സ്കൂൾ മാനേജരും ബോഡിംഗ് റെക്ടരുമായി ജോലിനോക്കുകയുണ്ടായി. യുവജനങ്ങളുടെ സ്വഭാവപരിശീലനത്തിനും സംസ്കരണത്തിനുമായി അദ്ദേഹം തന്റെ കഴിവുകളെല്ലാം ഉപയോഗിച്ചുവന്നു. ഈ യുവവൈദികന്റെ അക്ഷീണപരിശ്രമഫലം അനുഭവിക്കുവാൻ ഇടയായിട്ടുള്ളവർ അദ്ദേഹത്തെ വാനോളം പുകഴ്ത്തുക പതിവാണു്. പ്രശാന്തവും ആകർഷണീയവുമായ ആ സ്വഭാവം കാന്തം ഇരുമ്പുകഷണങ്ങളെയെന്നോണം യുവഹൃദയങ്ങളെ ഈ പുരോഹിതനിലേക്കു

ആകഷ്ടിച്ചു. തൽഫലമായി പലരും പുരോഹിതരും സന്യാസികളുമായിത്തീരുവാൻ ദൈവം ഇദ്ദേഹത്തെ കരുവാക്കിയെന്നു കാണാം.

1892-ൽ ബ: ശെമഓൻസ്തോക്കച്ചനെ പാവട്ടി ആശ്രമത്തിലേയ്ക്കു മാററി. മസൂരിദീനം പാവട്ടിയിലും പരിസരങ്ങളിലും ഭയാനകമാംവണ്ണം പരന്നു പിടിച്ചു് വളരെ മരണങ്ങളും സംഭവിച്ചുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അതു്. അന്നു ശെമഓൻസ്തോക്കച്ചൻ വളരെ ചെറുപ്പമായിരുന്നു. അദ്ദേഹത്തിനു മുപ്പതുവയസ്സു് പൂർത്തിയായിട്ടില്ലായിരുന്നു. എങ്കിലും അന്ത്യകൂദാശകളും കൂടാതെ വിശ്വാസികളും മൃതിയടയുന്നതു കണ്ടു നില്പാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആത്മരക്ഷയുടേയും സഹോദരസ്നേഹത്തിന്റേയും മുമ്പിൽ മസൂരിദീനത്തിന്റെ ഭയങ്കരതയും മരണാപത്തും തൃണവൽഗണിക്കയാണു് അദ്ദേഹം ചെയ്തതു്. എന്തുവന്നാലും വേണ്ടതില്ല തന്നാൽ ആവതു് മസൂരിദീനത്തിന്റെ കരാളവക്ത്രത്തിൽപെട്ട ബന്ധുമിത്രാദികളാൽപോലും കൈവിടപ്പെട്ട, കഷ്ടപ്പെടുന്ന സാധുസഹോദരങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ അദ്ദേഹം ദൃഢപ്രതനായി. ഒരു വെള്ളിലോവ തൈപ്പിച്ചു കാലത്തു ടീ വ്യൂപൂജയും പ്രാതലും കഴിഞ്ഞു വെള്ളിലോവ ധരിക്കും. ആവശ്യമുള്ളിടത്തോളം വി: കുർബ്ബാനയും തിരുഒസെത്തു് പൂശുന്നതിനു് പഞ്ഞിചുററി ക്രമപ്പെടുത്തിട്ടുള്ള ഈക്കിലിക്ഷണങ്ങളും എടുത്തു് ആശ്രമത്തിൽനിന്നു് ഇറങ്ങിത്തിരിക്കും. രോഗികളുടെ പാപസങ്കീർത്തനം കേട്ടും, അവർക്കു കുർബ്ബാന കൊടുത്തും, മരണാസന്നർക്കു അന്ത്യകൂദാശകളും കൊടുത്തും, ഉച്ചയോടുകൂടെ ചിലപ്പോഴും അതിലും വൈകിയും മാത്രമെ തിരിച്ചെത്തുകയുള്ളു. കുളിച്ചുവസ്ത്രം മാറിയശേഷമേ ഭക്ഷണം കഴിക്കു. വലിയവരും, ചെറിയവരും, നിർദ്ധനരും ധനാഢ്യരും, ഈ ദൈവദാസന്റെ സ്നേഹശ്രുശ്രൂഷയ്ക്കു പാത്രീഭവിച്ചു. പ്രസ്തുത വിപൽഘട്ടത്തെ ഒരു ആദ്ധ്യാത്മിക

കൊയ്ത്തുകാലമായിട്ടാണ് ഈ യുവവൈദീകൻ പരീ
ഗണിച്ചതു്.

1894–ൽ വീണ്ടും ഏൽത്തുരുത്താശ്രമത്തിലേയ്ക്കു
നിയമിക്കപ്പെട്ട. അവിടെ സ്ക്കൂൾ ജോലിയിലാണ്
ഏല്പിക്കപ്പെട്ടതു്. പ്രാർത്ഥന വഴിയായി തീക്ഷ്ണത
പ്രാപിച്ചു് ദൈവസ്നേഹത്താലും സഹോദരസ്നേഹത്താ
ലും ഏരിയുന്ന ഒരു വൈദികനായിരുന്ന അദ്ദേഹം.
അതിനാൽ യുവഹൃദയങ്ങളെ നന്മയിലേയ്ക്കും, ദൈവ
ത്തിങ്കലേയ്ക്കും തിരിക്കുന്നതിനു ഒരു പ്രത്യേക പാടവ
മുള്ളതായിട്ടാണ് നാം അദ്ദേഹത്തെ എവിടേയും കാണു
ന്നതു്. 1898—ന്റെ അവസാനത്തോടുകൂടി ക്ലനമ്മാ
വിലേയ്ക്കു വി: യൗസേപ്പുപിതാവിന്റെ തല്ലാലിക
ഭവനത്തിലേക്കു മാറി. ക്ലനമ്മാവിലെ വി: ഫിലോമി
നായുടെ ആശ്രമം ലത്തീൻകാക്കുകൊടുത്തിരുന്നതി
നാൽ സുറിയാനിക്കാക്കു അവിടെ ഒരു ആശ്രമം ഇല്ലാ
യിരുന്നു. അങ്ങനെ ഒന്നു കെട്ടിച്ചമയ്ക്കുന്നതിനുള്ള
കരുനീക്കങ്ങളും നടന്നുകൊണ്ടിരുന്ന കാലഘട്ടമായി
രുന്നു അതു്. 1902—ൽ അദ്ദേഹത്തെ കൂട്ടികളുടെ
റെക്ടരായി ഏൽത്തുരുത്തേയ്ക്കു അയച്ചു. എന്നാൽ ആ
ആണ്ടു അവസാനിക്കുന്നതിനു മുമ്പായി ഏൽത്തുരുത്തു്
ആശ്രമശ്രേഷ്ഠനായി ഉയർത്തപ്പെട്ട. എന്നാൽ അദ്ദേ
ഹത്തിന്റെ വിനീത പ്രകൃതി ശ്രേഷ്ഠസ്ഥാനം സ്വീക
രിക്കുവാൻ അനുവദിച്ചില്ല. കല്പിക്കുന്നതിനുള്ള ജോലി
യിൽനിന്നു തന്നെ ഒഴിവാക്കണമെന്നു് അദ്ദേഹം നിർ
ബ്ബന്ധമായി അപേക്ഷിച്ചു. എന്നാൽ അദ്ദേഹത്തിന്റെ
ഗുണഗണങ്ങളും നന്നായി അറിഞ്ഞിരുന്ന ശ്രേഷ്ഠന്മാർ
പ്രസ്തുത അപേക്ഷയെ അവഗണിച്ചു ജോലി ഏറ്റു
നടത്തുവാൻ ആജ്ഞാപിക്കയാണു് ചെയ്തതു്.

മൂന്നുവർഷത്തിനുശേഷം സെലസ്തീനോസച്ചൻ
പ്രിയോരായി നിയമിതനായപ്പോൾ നമ്മുടെ കഥാ
പുരുഷൻ ശ്രേഷ്ഠസ്ഥാനത്തുനിന്നു ഒഴിവായി. എങ്കിലും
പെ: ബ: സെലസ്തീനോസച്ചൻ സുഖക്കേടായി വീണ

തിനാൽ പകരം ജോലിനോക്കുവാൻ ബ: ശെമശോൻ സ്തോക്കച്ചനെ നിയമിച്ചു. ഇത്തവണയും കണ്ണുനീരും കൈയ്യുമായി ശ്രേഷ്ഠന്മാരെ സമീപിച്ചു, ഈ ജോലിയിൽനിന്നു തന്നെ ഒഴിവാക്കണമെന്നപേക്ഷിച്ചതുകൊണ്ടു് ശ്രേഷ്ഠന്മാർക്കു ദയതോന്നി ശ്രേഷ്ഠോദ്യോഗം ഏറെ നടത്തുന്നതിനു അദ്ദേഹത്തെ നിർബ്ബന്ധിക്കയുണ്ടായില്ല.

മംഗലാപുരം സെൻറ് ജോസഫ് സെമ്മിനാരിയോടു ചേർന്നു കേരളീയ കത്തോലിക്കർക്കു സവേകയായി നടത്തപ്പെട്ടിരുന്ന വൈദിക വിദ്യാർത്ഥിഭവനവും ശെമശോൻസ്തോക്കച്ചന്റെ പ്രധാന പ്രവർത്തനരംഗത്തിൽപെടുന്നു ഒന്നാണു്. 1907-ൽ ഇദ്ദേഹം അവിടേക്കു ശ്രേഷ്ഠനായി നിയമിക്കപ്പെട്ടപ്പോൾ ഈശോസഭക്കാരാൽ നൽകപ്പെട്ട താൽക്കാലികമായ ഒരു വിനീതഭവനം മാത്രമെ കത്തോലിക്കാ വൈദിക വിദ്യാർത്ഥികൾക്കുണ്ടായിരുന്നുള്ളൂ. ആറു കൊല്ലത്തെ അക്ഷീണപരിശ്രമഫലമായി സാമാന്യം വിശാലമായ ഒരു ഭവനം പണികഴിപ്പിക്കുവാൻ വേണ്ട പണത്തിന്റെ ഗണ്യമായ ഒരു ഭാഗം ശേഖരിക്കുവാൻ ദൈവാനുഗ്രഹത്താൽ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ നിസ്സ്വാർത്ഥതയും ശാന്തശീലവും പ്രാർത്ഥനാചൈതന്യവും നിമിത്തം മംഗലാപുരത്തെ സകലജാതി ജനങ്ങളുടേയും സ്നേഹാദരങ്ങൾക്കു് നമ്മുടെ കഥാനായകൻ പാത്രീഭവിച്ചു. അദ്ദേഹം സ്ഥലംവിട്ടു് വളരെനാൾ കഴിഞ്ഞശേഷവും അതുല്യസ്നേഹാദരങ്ങളോടെയത്രെ കഥാപുരുഷനെ അവർ സ്മരിച്ചിരുന്നതു്.

1914—ലെ പൊതുസംഘത്തിൽ വാഴക്കുളം ആശ്രമശ്രേഷ്ഠനായും, 1917—ൽ ഏൽത്തുരുത്തു് ആശ്രമശ്രേഷ്ഠനായും തിരഞ്ഞെടുക്കപ്പെട്ട 1920-ൽ നാലാം ദേഹ്നിത്തോരായി നിയമിയ്ക്കയും, ഇങ്ങനെ പൊതുശ്രേഷ്ഠാലോചനക്കാരനായിരിക്കെ കുറെനാൾ ആശ്രമത്തിൽ താമസിച്ചു്, അവിടത്തെ കന്യകാമഠത്തിന്റെ കപ്ലോൻ ജോലിനോക്കിവരികയും ചെയ്തു. 1926—ൽ

ഏൽത്തൂരുത്തു് ആശ്രമത്തിലേക്കു മാറി. അഞ്ചു വഷ്ം അവിടെ താമസിച്ചശേഷം പാവട്ടിയിലേയ്ക്കു് അയക്കപ്പെട്ടകയും അവിടെ വെച്ചു് ദേഹവിയോഗം ചെയ്തയുമാണുണ്ടായതു്. ഏൽത്തൂരുത്തു് കഴിച്ചു കൂട്ടിയ ഈ അഞ്ചു വഷ്വും ആശ്രമവസ്ക്കളുടെ മേലനേഷണം അദ്ദേഹത്തെയാണു് ഭരമേല്പിച്ചിരുന്നതു്. ഈ സന്ദർഭം സാധുക്കളെ പലപ്രകാരത്തിൽ സഹായിക്കുവാൻ അദ്ദേഹത്തിനു സൗകര്യം നൽകി. ദീനാനുകമ്പ അദ്ദേഹത്തിന്റെ സുദീഘ്മായ ജീവിതത്തിൽ പിരിയാ സഖിയായിരുന്നു എന്നു പറയുന്നതിൽ അബദ്ധമില്ല.

അദ്ദേഹത്തിന്റെ ദീനാനുകമ്പയ്ക്കു പ്രത്യേകം പാത്രീഭവിച്ചവരാണു് ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളും. ദൈവസ്നേഹത്തിൽ ഉറപ്പിക്കപ്പെട്ടവരാണു് അവർ. എങ്കിലും ദൈവനീതിക്കു വീട്ടേണ്ടതായ കടം വീട്ടി എല്ലാ പരിഹാരക്കടങ്ങളും ചെയ്തതീർക്കുന്നതുവരെ അവർ ആ അഗ്നേയകാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ ആത്മാക്കളോടു നമ്മുടെ കഥാപുരുഷനുണ്ടായിരുന്ന ഭക്തി അന്യാദൃശമായിരുന്നു എന്നു പറയാതെ തരമില്ല. നമുക്കറിയാം യാദൃച്ഛികമായി ശത്രുക്കൾ പിടിച്ചു കാരാഗൃഹത്തിൽ ബന്ധിച്ചിരിക്കുന്ന ഒരു രാജകുമാരനെ മോചിക്കുന്നവൻ രാജാവിന്റെ പ്രത്യേക വാത്സല്യത്തിനു പാത്രീഭവിക്കുമെന്നു്. പ്രസ്തുത ഉപകാരിയെ രാജാവു് ഉദാരമായി സമ്മാനിയ്ക്കാതിരിയ്ക്കുമോ? ഇതുതന്നെയാണു് ശുദ്ധീകരസ്ഥലത്തിൽ വേദനിയ്ക്കുന്ന ആത്മാക്കളെ മോചിയ്ക്കുന്നതിനായി ബുദ്ധിമുട്ടുന്നവരെക്കുറിച്ചും നാം വിചാരിക്കേണ്ടതു്. രാജാധിരാജനായ ദൈവം തന്റെ പ്രത്യേക സ്നേഹഭാജനങ്ങളായി അവരെ പരിഗണിയ്ക്കും, അനുഗ്രഹിയ്ക്കും, നിത്യാനന്ദവസതിയിൽ പ്രത്യേക മഹിമാവിനാൽ അവരെ സമ്മാനിയ്ക്കുകയും ചെയ്യും. ബ: ശെമഒൻസ്തോക്കച്ചനും ഇങ്ങനെ ദൈവത്തിന്റെ പ്രത്യേക വാത്സല്യത്തിനു് പാത്രീഭൂതനായ ഒരാളാണെ

ന്നുള്ളതിനു സംശയമില്ല. അതു ആദ്യന്തസംപൂർണ്ണമായിരുന്നു ശുദ്ധീകരിയ്ക്കപ്പെട്ടന്ന ആത്മാക്കളോടുള്ള അദ്ദേഹത്തിന്റെ സ്നേഹാദരങ്ങളും. തൽഫലമായി അനാഥരായ ഈ ആത്മാക്കളുടെ സഹായാർത്ഥം ഫ്രാൻസിൽ 'മൊന്തെലി'ജിയോനിൽ സ്ഥാപിതമായിട്ടുള്ള സഖ്യതയിൽ ഈ നാട്ടിൽനിന്നും അനേകരെ ചേർത്തും പേരയച്ചതും പ്രസ്തുത സംഘടനയുടെ ശുശ്രൂഷാന്തിക്കാരൻ എന്ന സാക്ഷിപത്രം (Diploma of Zelator) അദ്ദേഹത്തിനു ലഭിച്ചതും ഈ കാലഘട്ടത്തിൽ തന്നെയാണു.

ശാന്തശീലം അദ്ദേഹത്തിന്റെ പ്രത്യേക സ്വഭാവമായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ക്ഷമയെ സ്ഫുടം ചെയ്യുവാൻ എന്ന വിധം ദീർഘനാളം ഒരു പ്രമേഹരോഗിയായിക്കഴിയുവാൻ ദൈവം ഇടവരുത്തി. അതിൽ അദ്ദേഹത്തിന്റെ ക്ഷമ കൂടുതൽ സ്പഷ്ടമായി പ്രത്യക്ഷപ്പെട്ടു. ദീർഘകാലം ഒരു രോഗിയായിട്ടാണു നാം അദ്ദേഹത്തെ കാണുന്നതു. എന്നാൽ ദീർഘ ദീനത്തിൽ പലപ്പോഴും ദൃശ്യമാകുന്ന അക്ഷമതയും കണ്ടവരോടൊക്കെ അതൃപ്തികാണിക്കുന്ന പ്രകൃതിയുമല്ല നാം ഇദ്ദേഹത്തിൽ കാണുന്നതു. സഹനം അദ്ദേഹത്തെ കൂടുതൽ ശാന്തനും സഹോദരസ്നേഹവും കരുണയും ഉള്ളവനും ആക്കുകയത്രെ ചെയ്തതു. കരുണ അദ്ദേഹത്തിന്റെ ഉടപ്പിറപ്പായിരുന്നു. ദാനധർമ്മം ചെയ്യുക മറവുള്ളവരെ ക്ഷണംകൊണ്ടു, കഴിയുമെങ്കിൽ രുചികരമായ ക്ഷണംകൊണ്ടു തൃപ്തരാക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം അടുത്തറിഞ്ഞവരേ ശരിയായി ഗ്രഹിച്ചിരിക്കയുള്ളു. ഒരമ്മയുടേതുപോലെ ആദ്യന്തസംപൂർണ്ണമായ ഒരു ഹൃദയമാണു അദ്ദേഹത്തിനുണ്ടായിരുന്നതു. സുഖക്കേടുകളിൽ ശ്രേഷ്ഠന്മാരുടേയും വൈദ്യന്മാരുടേയും വിധിപ്രകാരം ക്ഷമാപൂർവ്വം അനുവർത്തിക്കുന്നതിൽ അദ്ദേഹം മുമ്പനായിരുന്നു. ശാന്തതയോടൊപ്പം അദ്ദേഹത്തിൽ വിളങ്ങിയ പ്രസന്ന

മുഖഭാവം യാതൊരു വിഷമസന്ധിയിലും അദ്ദേഹത്തെ വിട്ടുമാറുകയുണ്ടായില്ല.

പ്രാർത്ഥന! ശിശു തുല്യം വിനീതനായ ഒരാത്മാവിൽ, സ്വന്ത ബലഹീനത ശരിയായി ഗ്രഹിക്കുന്ന ആളിൽ, അവശ്യം ഉണ്ടാകുന്ന ഒന്നാണു് പ്രാർത്ഥനാചൈതന്യം. എല്ലാ ആവശ്യങ്ങളിലും അമ്മയെ വിളിച്ചു കൂട്ടി നിലവിളിക്കുന്നു. നാം പ്രപഞ്ചപ്രഭുക്കളാണു്, ദൃശ്യലോകസമ്രാട്ടുകളാണു്. പോരാ, ദൈവമക്കളും സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടവരും ദൈവത്തോടുകൂടെ എന്നും വസിക്കുന്നതിനു നിയുക്തരായവരുമാണു്. ഇതെല്ലാം ശരി. എന്നാൽ ലോകം, പിശാചു്, ശരീരം എന്നീ ശത്രുത്രയങ്ങളോടാണു് നമ്മുടെ സമരം. പരാജയമടയുന്നവർക്കു നിത്യനരകമാണു് ശിക്ഷ. ആരാണു് വിറക്കാത്തതു്? എന്നാൽ കഴിവുള്ളതു ചെയ്യുകഴിവില്ലാത്തവയ്ക്കായി പ്രാർത്ഥിക്കുവാൻ വി: അഗ്രസ്തീനാസു് ഉപദേശിക്കുന്നു. യാചിക്കുക, മുട്ടുക, ചോദിക്കുക. നിങ്ങൾക്കു ലഭിക്കും. മിശിഹായുടെ നാമത്തിൽ ചോദിക്കുന്നതൊന്നും തിരസ്കരിക്കപ്പെടുകയില്ല എന്നു് ദിവ്യരക്ഷകൻ ഉറപ്പുനൽകുകയും ചെയ്യുന്നു. ഈദൃശപാഠങ്ങൾ വി: ശെമഓൻസ്താക്കച്ചൻ ചെറുപ്പത്തിലേ പഠിച്ചു് അഭ്യസിക്കുവാൻ തുടങ്ങി. വി: കുർബാനയുടെ മുമ്പിൽ എത്രനേരം വേണമെങ്കിലും നിന്നു പ്രാർത്ഥിക്കുവാൻ അദ്ദേഹത്തിനു വിരസതയോ, മടുപ്പോ ഉണ്ടായിരുന്നില്ല. സുഖക്കേടുനിമിത്തം ശാരീരികാവശ്യങ്ങൾക്കായി കൂടെക്കൂടെ മുറിയിൽ പോകേണ്ടിവന്നിരുന്നു. എന്നാൽ വി: കുർബാനയിൽ സന്നിധാനം ചെയ്യുന്ന സ്നേഹനാഥൻ ഒരു കാന്തമെന്നപോലെയാണു് ശെമഓൻസ്താക്കച്ചനെ ആകർഷിച്ചിരുന്നതു്. ആ ദിവ്യ ആകർഷണത്തോടെതിർത്തു വർത്തിക്കുവാൻ അവസാനഘട്ടത്തിൽ അദ്ദേഹം തീരെ കഴിയാത്തവനായി. വലിയ നിത്യാരാധനപുസ്തകം കയ്യിലുണ്ടായിരിക്കും. പ്രതിദിനവും അതിലെ പ്രാർത്ഥനക

ളെല്ലാം തന്നെ ജപിച്ചിരുന്നുവെന്നു തോന്നിപ്പോകും. പ്രാർത്ഥനയ്ക്കായി അദ്ദേഹം ചിലവഴിച്ചിരുന്ന സമയദൈർഘ്യം സൂക്ഷിച്ചാൽ എവിടേയും അദ്ദേഹത്തിന്റെ ജീവിത വിജയത്തിനു നിദാനമായി പ്രശോഭിച്ചിരുന്നതു് അദ്ദേഹത്തിന്റെ പ്രാർത്ഥനാശീലമായിരുന്നു എന്നതു് അദ്ദേഹത്തിന്റെ പ്രാർത്ഥനാശീലമായല്ലാതെ മറ്റൊന്നുമല്ല.

ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിനായി ഇടവകകൾതോറും ചുറ്റിനടന്നു വളരെ അദ്ധ്വാനിച്ചിട്ടുണ്ടു്. വ്യാകുലമാതാവിന്റെ നേരെയുള്ള ഭക്തി പ്രചരിച്ചു കാണുവാൻ അദ്ദേഹം വളരെ ആഗ്രഹിച്ചു. തൽസംബന്ധിച്ചു വളരെ അദ്ധ്വാനിച്ചു. കഞ്ഞിക്കുടിച്ചുകൊണ്ടിരിക്കുമ്പോൾ എന്തോ വിഷമംതോന്നി, കസേരയിൽ ഇരുന്നു വ്യാകുലകൊന്ത ജപിക്കുവാൻ തുടങ്ങി. അസ്വാസ്ഥ്യം മനസ്സിലാക്കി ഓടിഎത്തിയ ബ: വൈദികർ ജപമാലയുംപിടിച്ചു അശ്രുപൂർണ്ണങ്ങളായ നേത്രങ്ങളോടുകൂടി അദ്ദേഹം നിശ്ചലനായിരിക്കുന്നതായിട്ടാണു് കണ്ടതു്. ഏതൊരു വിഷമത്തിലും വ്യാകുല നാഥയെ ആശ്രയിക്കുന്ന ആ പതിവാണു് അന്ത്യഘട്ടത്തിലും പ്രദർശിപ്പിച്ചതെന്നു നാം മനസ്സിലാക്കുന്നതു നന്നായിരിയ്ക്കും.

ബ: ശെമശോൻസ്തോക്കച്ചൻ വളരെ സൽസ്വഭാവിയും സൗമ്യശീലനും വിനീതനുമായിരുന്നു. ആകയാൽ അദ്ദേഹവുമായി പരിചയിച്ചവരൊക്കെ അദ്ദേഹത്തെ സ്നേഹിച്ചു. കരുണയുടേയും സഹോദരസ്നേഹത്തിന്റേയും പര്യായമായിത്തീർന്ന അദ്ദേഹത്തെ അറിഞ്ഞവർക്കു് ഈ വൃദ്ധസന്യാസിയുടെ നാമം. പ്രാർത്ഥിക്കുന്നതിൽ ശെമശോൻസ്തോക്കച്ചൻ ഏവർക്കും മാതൃകയായിരിക്കേണ്ടതാണു്. രോഗത്തിന്റെ ക്ലേശങ്ങൾ വളരെ ഉണ്ടായിരുന്നിട്ടും മുറിയിൽവച്ചും വളരെ ക്ലേശിച്ചു ദേവാലയത്തിലെത്തിയും വളരെ നേരം പ്രാർത്ഥിക്കും.

ഇങ്ങനെ പ്രാർത്ഥനാനിരതനായി അദ്ദേഹം ജീവിച്ചു. പ്രാർത്ഥനയിൽ ആശ്വാസവും, പ്രാർത്ഥനയിൽ ദൈവസഹായവും തേടി. ജപമാല കയ്യിലേന്തി പ്രാർത്ഥനാമദ്ധ്യേ അദ്ദേഹം അന്ത്യശ്വാസം വിട്ടു. ഒരു ഉള്ളി തേൻകൊണ്ട് അനേകായിരം ഈച്ചകളെ പിടിക്കാം എന്ന ഒരു പഴഞ്ചൊല്ലുണ്ടല്ലൊ. ശെമഓൻ സ്ലോക്കച്ചന്റെ മധുരിമകലർന്ന ശാന്തശീലവും ക്ഷമയും അനേകരെ ദൈവത്തിങ്കലേയ്ക്ക് ആകർഷിച്ചു. ഇങ്ങനെ ബ: ശെമഓൻസ്ലോക്കച്ചൻ എഴുപതു വർഷം ജീവിച്ചു. ഒരു മാതൃകാസന്യാസിയും, ഉത്തമ വൈദികനും, വിവേകിയായ ഭരണകർത്താവും, തീക്ഷ്ണതയുള്ള ആത്മപിതാവും, നിഷ്കളങ്ക സ്വഭാവിയും ആയ ഈ വന്ദ്യ വൈദികന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

ശാന്തശീലന്മാർ ധന്യരാണവർ
സ്വന്ത മാക്കിടും ഭൂതലം
കാരുണ്യശീലമുള്ളവക്കെല്ലാം
കാരുണ്യം തന്നെ കൈവരും—

N. B. ആലപ്പാട്ട കുടുംബത്തിന്റെ ജനനവഴി പട്ടികയിൽ കാണുക.

St. Joseph's I. S. Press, Elthuruth.
1955.

1


അലഷ്യമായ കടംബന്ധത്തിൽനിന്നും ജനനമായി

A പട്ടിക.

തൊഴിൽ അലവൻസ്.

കാരണം

| | | |


കാക്കപ്പൻ
ഒല്ലൂർ കല്ലുക്കാരൻ.
കൊച്ചുവറീതു°. മറിയം. കാക്കപ്പൻ.
ഒ. കല്ലുക്കാരൻ. മരിച്ചു.
മറിയമ്മ
ആലപ്പാട്ട് ലോനപ്പൻ
ഔസേപ്പു°
കുഞ്ഞേത്തി.
മണലൂർ
താണിക്കൽ തോപ്പിൽ
ഇട്ട്യേച്ചൻ
മരിച്ചു
ത്രേസ്യ
മണലൂർ
താണിക്കൽ തോപ്പിൽ
ഔസേപ്പു°. ഇട്ട്യേച്ചൻ. പറഞ്ഞു. ലോനപ്പൻ. ജോർജ്°.
B A., B.L., Ex.M.L.A.
ലോനപ്പൻ. താണ്ടമ്മ. ബ. കുഞ്ഞിപ്പാലു
പുതുക്കാട്ട് പുളിയ്ക്കൻ. അച്ചൻ Ph.D., B.D.
മറിയം.
ഇടത്തുരുത്തി
താടിക്കാരൻ
കുഞ്ഞില. പൊറിഞ്ഞു.
ഇടത്തുരുത്തി
താടിക്കാരൻ
സിസ്റ്റർ തെയദോര
അന്തോണി
കുഞ്ഞിലക്കുട്ടി.
പുത്തംപള്ളി
തളിയൻ.
കാക്കപ്പൻ.
B. A., B. L.
Advocate
ചെച്ചി.
കണ്ടശ്ശാങ്കടവ്
തോട്ടുങ്കൽ
വടക്കേത്തല.
മറിയം.
ചങ്ങനാ—
ശ്ശേരി.
ത്രേസ്യ.
പുത്തംപള്ളി
തളിയൻ.
റോസകുട്ടി.
കുറുക്കറി
പൈനാടൻ.
അപ്രേം.
B. E.
അച്ചാമ്മ
കണ്ടശ്ശാങ്കൽ
തോട്ടുങ്കൽ
വടക്കേത്തല

അലപ്പുഴ കടംബത്തിലെ ജനനവഴി (തുടർച്ച)


B. പട്ടിക.

കാർത്തി

കുഞ്ഞിക്കുട്ടി

അമ്മാവൻ

A പട്ടിക കാണുക


ലോന. ഇറേന്യനം. ബ. ശെമോൻ വറീയ്. മറിയം അന്തോണി
പുത്തമ്പള്ളി വിതയിൽ
സ്തോക്കച്ചൻ
മാമ്പിള്ളി ഞാറയ്ക്കൽ കുരിശുമിറ്റം
തോമ. ദേവസ്സി. ചെച്ചിക്കുട്ടി. താണ്ടമ്മ മറിയം.
ചേപ്പിൽ കോനിക്കര. വേലൂർ അറയ്ക്കൽ കൊരട്ടി
പൊറിഞ്ഞു. അന്തോണി. ഏലിക്കുട്ടി. ഔസേപ്പ്
കണ്ടശ്ശാങ്കടവ് തേട്ടു. വടക്കേ.
സി. അനസ്താസിയ പൊറിഞ്ഞു. ഔസേപ്പ്. കുഞ്ഞുവറിയ്. ബ. ദേവസ്സിഅച്ചൻ
പൊറിഞ്ഞു. ബ. ലേയോ അന്തോണി. കാക്കപ്പൻ. ലോനപ്പൻ. മറിയം. പോറ്റം. സി. പുഷ്പം
പ്പോണ്ടച്ചൻ.
3-ാംപേജിൽ
3-ാംപേജിൽ പറപ്പൂർ, കണ്ടകേളം
കേറിയ
ലോനപ്പൻ. ദേവസ്സി. പൊറിഞ്ഞു. കുഞ്ഞനം. വലപ്പാട്ട് കരുതുകളം
Dr. Sebastian. M. B. B. S.
സുശീല. കാഞ്ഞി. കല്ലറയ്ക്കൽ
അന്തോണി. Med. Student.
ജോസ് B. E.
ലീല. ലില്ലി. ബേബി. റീത്താ.
ഇരിങ്ങാലക്കുട
കണ്ടംകുളത്തി
സി. ഫൌസ്തീന.
ദേവസ്സി. M. B. B. S.
മാത്തു. B. A.
സി. സെബസ്തീന.
സി. ഗ്രാസിയ.

കാക്കപ്പൻ (2-ംപേജ് തുടച്ച)

സി ലെയാപ്പോൾഡ വേസ്സി. പൊറിഞ്ചു. B. A. കൊച്ചുമറിയം. പറപ്പൂർ ചിറ്റിലപ്പള്ളി. ഔസേപ്പ്. B. A. അന്തോണി ജോൺ. B. A. Med. Student പോൾ.

ലോനപ്പൻ (2-ംപേജ് തുടച്ച)

ഔസേപ്പ്. ദേവസി. റോസ പൂവത്തുശ്ശേരി ഇരുമ്പൻ ജോജ്ജ് കൊച്ചുത്രേസ്യ. വൻതല കണിച്ചായി മേരി

തെക്കുംമുറി ആലപ്പാട്ട്
പൈലോത്ത് (2-ം പേജിന്റെ തുടച്ച)

ഇറേനുസ്. മറിയം. മണലൂർ കുഞ്ഞനം. താടിക്കാരൻ കുഞ്ഞല. കരുമ്പിര കരുമ്പിര ആലപ്പാട്ട് സി. മറിയം തോപ്പിൽ കുഞ്ഞായി. ത്രേസ്യാ. മൂഴിക്കുളം ആലപ്പാട്ട് പാലത്തിങ്കൽ പാലത്തിങ്കൽ Bishop George Alapatt സി. ലെയോ പാനിങ്കുളം കാട്ടൂർ സി. ക്ലെത്തിൽഡ ക്കതിയാ.

അന്തോണി (2-ാം പെജിന്റെ തുടച്ച)

ചാക്കു | മറിയം മണലൂർ കോടങ്കണ്ടത്തു് | ഔസേപ്പു് | ഐപ്പുണ്ണി

ഔസേപ്പു്. ബ. കാസ്മീ രച്ചൻ. ബ. റെജിനാ ഡംഡച്ചൻ. ഐപ്പുണ്ണി. മറിയക്കുട്ടി. ആമ്പക്കാട്ടു് അക്കര പട്ടേക്കൽ. അച്ചായി. എന്നമ്മാവു വടക്കേത്തല സി.ലിലിയ യോൻസിയ സി ലെ സെലിന

മറിയംക്കുട്ടി ചിറയത്തു് കിഴക്കുട്ടു് | അന്നമ്മ കാട്ടൂർ പാനികുളം

മറിയംക്കുട്ടി. മുണ്ടൂർ അന്തോണി മേയ്ക്കാട്ടുകുളം. | പൈലേതു്. കുഞ്ഞു ഔസേ വറിയ്ക്കു്. പ്പു് | കുഞ്ഞനം. ത്രേസ്യാ. പാവട്ടി ഒലക്കേങ്കൽ | എല്ല്യക്കുട്ടി റോസ. ലൂസിയ തൃശ്ശൂർ പുത്തൻ മഠിലകം പൂത്തോ പീടിക തെരണ്ട ക്കാരൻ ചേപ്പുകാരൻ ശ്ശേരി

DHARMARAM COLLEGE LIBRARY

20434

CT Library
00080838
K100 C629